


# ജി എൽ പി എസ് നെല്ലിയമ്പം

# പ്രതീക്ഷ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതുവിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സാധ്യമായ ആശയങ്ങളും സംവിധാനങ്ങളെയും ഏകോപിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025 അക്കാദമിക വർഷം മുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നു. മുഴുവൻ സ്കൂൾ വിദ്യാർത്ഥികളെയും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തരാക്കുക എന്നതാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് വിദ്യാലയത്തിൽ നടത്തുന്നത്.

സ്കൂളിന്റെ പേര് ..

ജി എൽ പി എസ് നെല്ലിയമ്പം

സ്ഥലം. നെല്ലിയമ്പം

സ്ഥാപിച്ച വർഷം.1998

നിലവിലെ അവസ്ഥ.. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടുള്ള അഭിനിവേശം നമ്മുടെ സ്കൂളിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന അവസ്ഥയിലാണ്.

കുട്ടികളുടെ എണ്ണം.90

അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം-

ഹെഡ്മിസ്ട്രസ്-1

അധ്യാപകർ -3

അറബി അധ്യാപകൻ-1

മെന്റർ- 1

പ്രീ പ്രൈമറി ടീച്ചർ -1

ആയ -1

ക്ലാസുകൾ. പ്രീ പ്രൈമറി -ഫോർ

ഡിവിഷനുകൾ -1

തികച്ചും ഗ്രാമീണ മേഖലയിൽ ഉൾപ്പെട്ട നെല്ലിയമ്പം പ്രദേശം കർഷകരും തൊഴിലാളികളും വിവിധ മത ഗോത്ര വിഭാഗങ്ങൾ അധിവസിക്കുന്ന ഗ്രാമമാണ്. യാത്രാസൗകര്യം കുറവായിരുന്ന 1994 കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി മൂന്ന് കിലോമീറ്റർ ചുറ്റളവിൽ പ്രൈമറി വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായതോടെ നെല്ലിയമ്പം പ്രദേശത്ത് വിദ്യാലയം ആരംഭിക്കാൻ തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്കൂളിനായി അനുവദിച്ച തുകയും ചില വ്യക്തികളും നാട്ടുകാരും നൽകിയ തുകയും ഉപയോഗിച്ച് സ്കൂളിന് ആവശ്യമായ ഒരേക്കറോളം സ്ഥലം വാങ്ങിച്ചു.ഈ സ്ഥലത്തേക്ക് പ്രവേശിക്കുന്നതിനായി ആവശ്യമായ റോഡ് സൗജന്യമായി ലഭിക്കുകയും ചെയ്തു.ഏവരുടെയും ശ്രമഫലമായി നെല്ലിയമ്പം ജി എൽ പി എസ് 1998 വർഷം മദ്രസയിൽ പ്രവർത്തിച്ചു തുടങ്ങുകയും ഇതേ കാലഘട്ടത്തിൽ സർക്കാർ നിർമ്മിച്ച കെട്ടിടം പൂർത്തീകരിച്ച പ്രവർത്തനം പുതിയ സ്കൂൾ കെട്ടിടത്തിലേക്ക് മാറുകയും ചെയ്തു.പി.എ.സ്സി നിയമനം ലഭിച്ചുവന്ന എംപി സുരേഷ് കുമാർ എന്ന അധ്യാപകനാണ് പ്രധാന ചുമതലക്കാരനായി സ്കൂളിലെ പ്രവർത്തനത്തിന് നേതൃത്വം നൽകിയത്.

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക. പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക. മികവാർന്ന പഠനാന്തരീക്ഷവും ഒരുക്കിക്കൊടുക്കുക.

* വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.

* ഐ സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

* മുഴുവൻ ക്ലാസുകളിലും ഐ സിടി സാധ്യത ഉറപ്പുവരുത്തുക.

* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ അധ്യാപനത്തിനും ഗവേഷണാത്മക അവസരമൊരുക്കുക.

* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.

* മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

* ലഘു പഠനയാത്രകൾ പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.

* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.

* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ

* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.

* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.

* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

*സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർ ത്തനങ്ങളിൽ ഏർപ്പെടുക. . പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർ ത്തനങ്ങളുമായി ബന്ധപ്പെടുത്തുക.

* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക

* മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.

* കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

* ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2. റിസോഴ്സ് അധ്യാപകരുടെ കുറവ്.

3. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.

4. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

5. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.

6. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.

7. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

8. കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

9. പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും

10. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.

11. കുട്ടികൾക്കാവശ്യമായ ഗൈഡ്‌ലൈൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.

12. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.

13. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.

2. ഭൂമിശാസ്ത്രപരമായ ഘടന.

3 കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല

4 ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.

5. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.

3. വിദ്യാലയത്തിന്റെ്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ് എം സീ', എസ്. എം .ഡി .സി. പി.ടി.എ എന്നീവയുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

5. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമയ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

6. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

7. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| *അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിരിക്കുന്ന മികവുറ്റ അധ്യാപക സമൂഹം:<br><br>*ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം *മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം .<br><br>*ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി ളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br><br>*പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്ത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br><br>*പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br><br>*സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദി കൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സഹിപ്പിക്കുന്ന വിദ്യാലയം.<br><br>*പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | *കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>*മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെ ങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാ നുള്ള അവസരമില്ല സയൻസ് ലാബ് പ്രവർത്ത നങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br><br>*വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായി ക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായന യിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br><br>*മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിലെ നരേഖയിൽ കുട്ടികളുടെ പിന്നോക്കാവസ് പരിഹരിക്കപ്പെടേണ്ടതുണ്ട് ഐ ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സും പ്രവർത്ത നങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല. .<br><br>*കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്ക രെടേണ്ടതുണ്ട്. IED കുട്ടികളുടെ പഠനപിന്തുണാ |

| | |
|---|---|
| *കാർഷിക പ്രവൃത്തികൾ ജൈവ വൈവിധ്യ അന്തരിക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം | സംവിധാനം കൂടുതൽ ഓച്ചാടേണ്ടതുണ്ട്<br>*ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ച നല്കാൻ പ്രയാസം നേരിടുന്നു കെ ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല. |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1.എല്ലാ കുട്ടികളെയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2 എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തര ത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആ വിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആ ധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.

7 മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1 ഇംഗ്ലീഷിൽ ആ ത്മ വിശ്വാസത്തോടെ ആ ശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2 ഇംഗ്ലീഷിലുള്ള അവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജ രാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജ രാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7. ക്ലാസ്സ് തല വായന മൂല,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക

## പരിസര പഠനം

1.ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2 ശാസ്ത്രത്തിന്റെ രീതി സ്വായ മാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആ ധുനിക ശാസ്ത്ര ഉപകര ണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4 ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജ മാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6 ആ ധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുക.

## സാമൂഹികാവബോധം

1.ജനാധിപത്യ വേദികൾ ഒരുക്കുക.

2 സമൂഹത്തിൻറെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്ത രവാദിത്വം തിരിച്ചറിഞ്ഞ പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3 ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4 ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

L അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2 ഗണിതത്തെ ജീവിതവുമായി ബന്ധ പ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആ ധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## ഐ സി ടി സാധ്യതകൾ **പ്രയോജനപ്പെടുത്തൽ**

1.വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യ തകൾ ഉപയോഗപ്പെടുത്തുക.

3 കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പ ന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങ ളുമായി/ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കുക.
4 ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1 മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷ മത ഉറപ്പാക്കുക.
3. ആ രോഗ്യ ശീലങ്ങൾ വളർത്തുക.
4. ആ രോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്ത മാക്കുക, ഹരിതാഭമാക്കുക.

# അക്കാദമിക PLAN Short Term - Malayalam

| SL. No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1-Pre-test<br><br>2-അടയാളം ഉറപ്പിക്കൽ<br><br>3. അക്ഷരാർഡ് നൽകൽ<br><br>4. വാക്യങ്ങൾ നിർമ്മിക്കൽ<br><br>5-ചിത്രം - അടിക്കുറിപ്പ്<br><br>6 അക്ഷരകാർഡ് നൽകൽ<br><br>7. വാക്കുകൾ എഴുതിയ കാർഡ്<br><br>8. വാക്കുകൾ നിർമ്മിക്കുക<br><br>9. വാക്യങ്ങൾ നിർമ്മിക്കൽ &<br>ചിത്രം - അടിക്കുറിപ്പ്<br><br>10. ചിത്രം - കഥ എഴുതൽ<br><br>11 കഥ - ബാക്കി എഴുതൽ<br><br>12. കഥാപുസ്തകം നൽകൽ<br><br>13.വാക്യങ്ങൾ എഴുതൽ | 2 months<br><br>Aug-Sept | TEXT BOOK<br><br>ICT | BRC<br><br>DIET<br>P.T.A<br><br>SCERT |

| SL.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാര നാക്കുക (വായനക്കൂട്ട ം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനാനുഭവം<br>പങ്കുവയ്ക്കൽ<br>3. വായനാക്കുറിപ്പ് പതിപ്പ്<br>4 വിദ്യാരംഗം കലാ-സാഹിത്യ വേദി<br>5 സ്കൂൾ സഭ, ബാലസഭ<br>6. സാഹിത്യകാരന്മാരു-മായുള്ള അഭിമുഖം<br>7. ആനുകാലിക പ്രസിദ്ധീ കരണങ്ങളും വായനയും<br>8. ആസ്വാദകരമായ വായന<br>9.വായനാസാമഗ്രികൾ<br>വികസിപ്പിക്കൽ<br>10. പുസ്തകം ഒരുക്കൽ<br>11 വായനക്കൂട്ടം-<br>മോണിറ്ററിംഗ് | 6 months | READING CORNER<br>ക്ലാസ് ലൈബ്രറി<br>സമീപ ഗ്രന്ഥശാ ല<br>MAGAZINES | BRC<br>DIET<br>P.T.A<br>SCERT |

| SL.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാര-നാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4 വായനക്കുറിപ്പ് പതിപ്പ്<br><br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br><br>6. വിവിധ സാഹിത്യ ശാഖകൾ പരിചയ-പ്പെടൽ<br><br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br><br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br><br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br><br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br><br>13. വ്യക്തിഗത രചന സംഘ രചന | 6 months | ലൈബ്രറി<br><br>ജീവചരിത്ര പുസ്തക ങ്ങൾ<br><br>ഫോട്ടോക ൾ പുസ്തക ങ്ങൾ | RC<br><br>BRC<br><br>DIET<br><br>SCERT<br>P.T.A |

# മലയാളം/പഠനപിന്നാക്കാവസ്ഥ

പ്രവർത്തനം: 1

പേര് : **പുസ്തകം എന്റെ ചങ്ങാതി**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം: 2

**പേര്: എന്റെ പിറന്നാൾ പുസ്തകം**

ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 5000 |

പ്രവർത്തനം: 3

**പേര്: ഉച്ചഭാഷിണി വായന**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ... കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 4

പേര് : **അക്ഷരക്കൂട്ടം** (വായനാകോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |

പ്രവർത്തനം: 5

പേര് : **സ്കൂൾ ലൈബ്രറി**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം: 6

പേര് : **ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കു ന്ന തിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്ത നങ്ങളിലെ മികച്ച പ്രവർത്ത നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

| പ്രവർത്തനം: 7<br>പേര് : **ക്ലാസ്സ് തല പതിപ്പുകൾ**<br>ഉപമേഖല : ലേഖനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങ ൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്ല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

| പ്രവർത്തനം: 8<br>പേര് :**എന്റെ വായനാ കുറിപ്പുകൾ**<br>ഉപമേഖല : ലേഖനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാ കുട്ടികളേയും \| അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറി ച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

| പ്രവർത്തനം: 9<br>പേര് : **കയ്യെഴുത്തു മാസികകൾ,**പ്രിന്റഡ് മാഗസിൻ<br>ഉപമേഖല : ലേഖനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്തമാഗസിൻ | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ വിദ്യാരംഗം ഭാഷാക്ലബ്ബ് | 15000 |

<table>
<tr><td colspan="5">പ്രവർത്തനം: 10<br>പേര് : രചനോത്സവം<br>ഉപമേഖല :ലേഖനം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്ന തിനുള്ള കഴിവ് നേടുക</td><td>അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര | രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ</td><td>ജൂൺ മുതൽ മാർച്ച് വരെ</td><td>ക്ലാസ് ടീച്ചർ</td><td>2000</td></tr>
<tr><td colspan="5">പ്രവർത്തനം: 11<br>പേര് : സർഗ്ഗവേള<br>ഉപമേഖല : പ്രകടന വേദികൾ</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തമാക്കുക</td><td>വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു.</td><td>ജൂൺ മുതൽ മാർച്ച് വരെ</td><td>ക്ലാസ്സ് ടീച്ചർ</td><td>3000</td></tr>
<tr><td colspan="5">പ്രവർത്തനം: 12<br>പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക<br><br>ഉപമേഖല : ആശയഗ്രഹണം</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തിക വിശകലനം</td></tr>
<tr><td>ആശയവിനിയെ ശേഷി കൈവരിക്കൽ</td><td>പഠന പിന്നാക്കാവസ! നേരിടുന്നകുട്ടികൾ ക്ക്പ്രത്യേക പരിശീലനം</td><td>ജൂൺ, ജൂലൈ</td><td>ക്ലാസ് ടീച്ചർ</td><td>3000</td></tr>
</table>

## ഇംഗ്ലീഷ്

പ്രവർത്തനം: 1

പേര് : **ഇംഗ്ലീഷ് അസംബ്ലി**

ഉപമേഖല :പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | English club | |

ഇംഗ്ലീഷ്

പ്രവർത്തനം : 2

പേര് : **ഇംഗ്ലീഷ് ഡയറി** (3,4 ക്ലാസ്സുകളിൽ )

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് . | ഓരോ ദിവസത്തെ യും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം: 3

പേര് : **ഇംഗ്ലീഷ് ബുള്ളറ്റിൻ** (3,4 ക്ലാസ്സുകളിൽ )

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ<br><br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ – കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

| പ്രവർത്തനം : 4<br>പേര് : **Reading Card Work Shop**<br>ഉപമേഖല : വായാനാ സാമഗ്രി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇംഗ്ലീഷിലുള്ള ആവിഷ്കാര ങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോ നിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | SRG | 1000 |

| പ്രവർത്തനം : 5<br>പേര് : **Work Sheet Work Shop**<br>ഉപമേഖല : അധ്യാപക ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മുഴുവൻ കുട്ടി കൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരാ യ കുട്ടി കൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാ ക്കുന്നു. അധ്യാപകരുടെ നേതൃത്യം | ജൂലൈ | SRG | 4000 |

# അറബിക്

| പ്രവർത്തനം : 1<br>പേര്: **ലോക ഭാഷ -അറബി ഭാഷ**<br>ഉപമേഖല : അടിസ്വാന ശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അറബി ഭാഷയിൽ \| അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>മുന്നറിവ് പരിശോധിക്കുക<br>അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാ കളികൾ | രണ്ടുമാസം | ടീച്ചർ | |

| പ്രവർത്തനം : 2<br>പേര് :**അറബി വായനോത്സവം**<br>ഉപമേഖല : വായന | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | വായനാ മത്സരം ക്ലാസ് ലൈബ്രറി<br>. സ്കൂൾ ലൈബ്രറി വായാനാകുറിപ്പുകൾ<br>അറബിക് പത്രവായന/റേഡിയോ | മാർച്ച് | അറബിടീച്ചർ | |

| പ്രവർത്തനം : 3<br>പേര് : **അറബി രചനോത്സവം**<br>ഉപമേഖല : ലേഖനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വായനയിലൂടെയും എഴുത്തിലൂടെയും<br><br>ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് | . പതിപ്പുകളുടെ നിർമാണം<br><br>. വായനാകുറിപ്പ് ശേഖരണം<br><br>ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br><br>ഭാഷാകളികൾ | ജൂൺ-മാർച്ച് | ടീച്ചർ | 1000 |

# ഗണിതം

പ്രവർത്തനം : 1

പേര് :

ഉപമേഖല വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ട ങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | 2025-26 | ടീച്ചർ | 4000 |

പ്രവർത്തനം: 2

പേര് : ഗണിതലാബ് (ഗണിതമധുരം)

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴ കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-26 | ക്ലാസ്സ് ടീച്ചർ | 15000 |

പ്രവർത്തനം: 3

**പേര്: ഗണിതമൂല**

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴവൻ കുട്ടികളിലും ആർജ്ജിക്കുന്നത ിന് | മുഴവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം: 4

**പേര് : യൂണിറ്റ് വിലയിരുത്തൽ**

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമാ യ ധാരണ കൈവരി ക്കുന്നുവെന്ന് ഉറപ്പാ ക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

| പ്രവർത്തനം: 5<br>പേര് : **ഗണിതക്ലാസ് പി.ടി.എ.**<br>ഉപമേഖല : സി.പി. ടി. എ ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണി \| തശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങ ളിലെ H.W. പ്രവർത്ത നങ്ങൾ രക്ഷിതാ ക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

| പ്രവർത്തനം: 6<br>പേര്: **ഗണിതം മധുരം**<br>ഉപമേഖല : ഗണിത കേളി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന ഗണിത \| ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപ ദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പ കൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസരപഠനം.

| പ്രവർത്തനം: 1<br>പേര് : **ശാസ്ത്ര പഠനോപകരണ ശില്പ ശാല**<br>ഉപമേഖല : ലാബ് ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസി പ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ കിണങ്ങുംവിധം ശില്പ്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |
| പ്രവർത്തനം: 2<br>പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്<br>ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോ ധം, ശാസ്ത്രീയ മനോ ഭാവം എന്നിവ വിക സിപ്പിക്കുക | പരീക്ഷ ണങ്ങൾ രേഖപ്പെടുത്തുന്ന തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തര ത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസ ത്തിലും | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം: 3<br>പേര് : പരീക്ഷണകിറ്റ്<br>ഉപമേഖല : നിരീക്ഷണ പ്രവർത്ത നങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്ത നങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തു ക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

# സാമൂഹികാവബോധം

പ്രവർത്തനം: 1

പേര് : **അതിഥിയെ അറിയൽ**

ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ<br><br>സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ.<br>ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം: 2

പേര് : **പ്രാദേശിക അറിവ്**

ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപമാലകൾ നടത്തുകയും ചെയ്യുന്ന | നവംബർ | ക്ലാസ് ടീച്ചർ<br>SSG | |

പ്രവർത്തനം: 3

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതു സ്വാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ,<br>പോസ്റ്റോഫീസ്,<br>പഞ്ചായത്ത്,<br>വില്ലേജ്,<br>ആശുപത്രി<br>മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

| | | | | |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യ<br>പ്രവർത്തനം: 1 IT<br><br>പേര് : **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**<br>ഉപമേഖല : അധ്യാപക ശാക്തീകരണം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക \| | പാഠഭാനവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ<br>പരിചയപ്പെടുത്തൽ ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൾ) | ഓരോ മാസത്തിലും | PSITC | |
| പ്രവർത്തനം: 2<br>പേര് : IT ലാബ്<br>ഉപമേഖല : കമ്പ്യൂട്ടർ വിഞ്ജാനം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ICT പ്രവർത്തനങ്ങൾ/പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ- ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>PSITC | |

# പ്രവൃത്തി പരിചയം

പ്രവർത്തനം: 1

പേര് : **പ്രവൃത്തി പരിചയശിൽപശാല**

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം: ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം: 2

പേര് : **പേപ്പർ ബാഗ് നിർമാണം**

ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകളും എല്ലാകുട്ടികളില്ു ം വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | മാർച്ച് | | SSG |

പ്രവർത്തനം: 3

പേര് : **ഒറിഗാമി**

ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവ ത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്ത നങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗവേദി

പ്രവർത്തനം: 1

പേര് : സർഗവേദി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. | എല്ലാ ആഴ്ച്ചയിലും | നേതൃത്വം: വിദ്യാർത്ഥികൾ | |

പ്രവർത്തനം: 2

പേര് : ടാലെന്റ് ലാബുകൾ

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ആലാപനം, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | മാസത്തിലും | SRG PTA | 3000 |

| പ്രവർത്തനം: 3<br>പേര്: പ്രകടന വേദികൾ<br><br>ഉപമേഖല :സോഷ്യൽ മീഡിയ പ്രകടനങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ -മാർച്ച് | SRG CT | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

| പ്രവർത്തനം: 1<br>പേര് : **കായികാരോഗ്യം**<br>ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ്, ഫുട്ബോൾ കോച്ചിങ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് അത്ലറ്റിക് പരിശീലനം | മാർച്ച് ജൂൺ | ക്ലാസ് ടീച്ചർ<br>LAC<br>HM<br>PTA<br>SRG | 10,000 |
| പ്രവർത്തനം: 2<br>പേര് : ഹെൽത്ത് ചെക്ക് അപ്പ്<br>ഉപമേഖല : ആര്യോഗ്യം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക മത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | ക്ലാസ് ടീച്ചർ<br>PTA | 3,000 |
| പ്രവർത്തനം: 3<br>പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല<br>ഉപമേഖല : അധ്യാപക ശാക്തീകരണം. | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ<br>SRG | 1,000 |